# നീര ഉൽപാദനം തുടങ്ങാൻ ഇനിയും കടമ്പകൾ

## ● അബ്കാരി നിയമ ഭേദഗതികൾ തയാറാക്കി വിജ്ഞാപനം പുറപ്പെടുവിച്ചാലേ നീര ചെത്താനാകൂ

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം ● നീര ഉൽപാദനത്തിന് അനുമതി നൽകി സർക്കാർ ഉത്തരവ് ഇറങ്ങിയെങ്കിലും നീര ചെത്തിത്തുടങ്ങാൻ ഇനിയും കാത്തിരിക്കേണ്ടിവരും. ഉത്തരവിന്റെ അടിസ്ഥാനത്തിൽ അബ്കാരി നിയമത്തിൽ വരുത്തേണ്ട ഭേദഗതികളെക്കുറിച്ചുള്ള ശുപാർശകൾ എക്സൈസ് വകുപ്പ് സർക്കാരിനു സമർപ്പിക്കണം. ഇതു നിയമവകുപ്പ് പരിശോധിച്ചു ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചാൽ മാത്രമേ നീര ചെത്തിത്തുടങ്ങാനാകൂ.

വർഷങ്ങൾ നീണ്ട ചർച്ചകൾക്കു ശേഷം ബുധനാഴ്ചയാണു നീര ഉൽപാദനത്തിന് അനുമതി നൽകി സർക്കാരിന്റെ ഉത്തരവ് ഇറങ്ങിയത്. നീരയുടെ ഉൽപാദനം, വിതരണം എന്നിവ പ്രായോഗികമാക്കാൻ അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തുമെന്നാണു നികുതി വകുപ്പിന്റെ ഉത്തരവിലുള്ളത്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശുപാർശകൾ ഉടൻ സമർപ്പിക്കാൻ മന്ത്രി കെ. ബാബു എക്സൈസ് കമ്മിഷണർക്കു നിർദേശം നൽകിയിട്ടുണ്ട്. അബ്കാരി ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ നേരത്തെ തന്നെ എക്സൈസ് വകുപ്പ് സർക്കാരിനു സമർപ്പിച്ചിരുന്നെങ്കിലും ഉത്തരവ് ഇറങ്ങിയതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾ സമർപ്പിക്കാൻ നിർദേശിക്കുകയായിരുന്നു.

കള്ളുഷാപ്പുകൾ ലേലം ചെയ്യപ്പെട്ടിട്ടില്ലാത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഒന്നിൽക്കൂടുതലും മറ്റു ജില്ലകളിൽ ഓരോന്നു വീതവും നാളികേര ഉൽപാദന സൊസൈറ്റികൾക്കാണു പരീക്ഷണാടിസ്ഥാനത്തിൽ അനുമതി നൽകിയിട്ടുള്ളത്. നാളികേര വികസന ബോർഡിനു കീഴിലാണു സൊസൈറ്റികൾ പ്രവർത്തിക്കുക. കള്ളുചെത്ത് മേഖലയിലുള്ളവർക്കു നീര ചെത്താൻ മുൻഗണന നൽകണം. ആവശ്യത്തിനു തൊഴിലാളികൾ ഇല്ലെങ്കിൽ നീര ടെക്നീഷൻസിനെ നിയോഗിക്കാം. ഇവരെയും കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാക്കണം. കള്ളുഷാപ്പുകളിൽ നീര വിൽക്കാൻ പാടില്ല. കള്ള്-നീര ബോർഡ് രൂപവൽക്കരിക്കാനുള്ള നിർദേശങ്ങൾ സമർപ്പിക്കാൻ നികുതി സെക്രട്ടറിയെ ചുമതലപ്പെടുത്തി.

വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദനം തുടങ്ങുന്നതോടെ കേരളത്തിലെ 40 ലക്ഷത്തോളം കേരകർഷകർക്കു വരുമാനമാർഗമാകുമെന്നു നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് പറഞ്ഞു.